## വിവരാവകാശ നിയമം

നം. ജി 4 -10492/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 27.01.2017
Email - swdkerala@gmail.com
Phone - 0471-2306040

സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ,

ശ്രീ. മോഹന ചന്ദ്ര കുമാരൻ നായർ
കൃഷ്ണ കൃപ, പി.എൻ. കോളനി റോഡ്
കോത്തല പി.ഒ, പാമ്പാടി,
കോട്ടയം – 686 502

സർ,

വിഷയം :- സാമൂഹ്യനീതി വകുപ്പ് – വിവരാവകാശ നിയമം 2005 – വയോജനങ്ങൾക്കായി സർക്കാർ നൽകുന്ന സേവനങ്ങൾ സംബന്ധിച്ച്.

സൂചന :- താങ്കളുടെ 18/01/2017 ലെ അപേക്ഷ

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

1. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങൾക്ക് സാമൂഹ്യനീതി വകുപ്പ് ഗ്രാന്റ് നൽകി വരുന്നു. ഒരു അന്തേവാസിക്ക്, പ്രതിമാസം 1000/- രൂപ നൽകുന്നുണ്ട്. (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)

0 30/01/17

* 60 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷനായി പ്രതിമാസം 1000/- രൂപയും 75 വയസ്സ്

Dh/-

കഴിഞ്ഞവർക്ക് പ്രതിമാസം 1500/- രൂപയും നൽകി വരുന്നുണ്ട്. (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

2. മാതാപിതാക്കളുടേയും മുതിർന്ന പൗരൻമാരുടേയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007 പ്രകാരം മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി എല്ലാ റവന്യൂ ഡിവിഷണൽ ആഫീസർമാരുടെ മേൽനോട്ടത്തിലും മെയിന്റനൻസ് ട്രൈബ്യൂണലുകളും ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിൽ അപ്പലേറ്റ് ട്രൈബ്യൂണലുകളും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ സാമൂഹ്യനീതി ആഫീസർമാരെ മെയിന്റനൻസ് ആഫീസർമാരായും നിയമിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ നിയമ പ്രകാരം സംസ്ഥാന ചട്ടങ്ങളും ചട്ടങ്ങളിൽ അനുശാസിക്കും വിധം സാമൂഹ്യനീതി വകുപ്പ് മന്ത്രി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് കൗൺസിലും ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷനായുള്ള ജില്ലാ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുമടേയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007 പ്രകാരം സംസ്ഥാനത്ത് ചട്ടങ്ങളും രൂപീകരിച്ചിട്ടുണ്ട്. മലയാളം പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

സാമൂഹ്യനീതി വകുപ്പ്, കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്ന പദ്ധതിയാണ് വയോമിത്രം. 65 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് നഗര പ്രദേശങ്ങളിലും മൊബൈൽ ക്ലിനിക്കും വൈദ്യ സഹായവും മരുന്നും സൗജന്യമായി നൽകുന്നു. കിടപ്പു രോഗികളുടെ വീടുകളിൽ പോയി പാലിയേറ്റീവ് ഹോം കെയർ നൽകുന്നു. ആശുപത്രികളിൽ വയോജനങ്ങളെ കൊണ്ടു പോകുന്നതിനും, തിരിച്ചു കൊണ്ടു പോകുന്നതിനും സൗജന്യ ആംബുലൻസ് സേവനം നൽകുന്നു. വയോജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിന് സംസ്ഥാനത്തൊട്ടാകെ 25 ഹെൽപ്പ് ഡെസ്കുകളും പ്രവർത്തിക്കുന്നുണ്ട്.

പദ്ധതിയ്ക്ക് ഈ സാമ്പത്തികവർഷം 9 കോടി സർക്കാർ അനുവദിച്ചിട്ടുണ്ട്. ടി തുക മിഷന് കൈമാറിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

3. 29/07/2015 ലെ G.O (RT) No. 467/2005 STD നമ്പർ ഉത്തരവ് ഈ കാര്യാലയത്തിൽ ലഭ്യമല്ല.

മേൽപ്പറഞ്ഞ മറുപടിയിന്മേൽ താങ്കൾക്ക് ആക്ഷേപമുള്ള പക്ഷം ചുവടെ ചേർത്തിരിക്കുന്ന വിലാസത്തിൽ അപ്പീൽ നൽകാവുന്നതാണ്.

<u>അപ്പീൽ അധികാരിയുടെ മേൽവിലാസം</u>

ശ്രീ. കെ.കെ. സുരേന്ദ്രകുമാർ

അപ്പലേറ്റ് അതോറിറ്റി / അഡീഷണൽ ഡയറക്ടർ

സാമൂഹ്യനീതി ഡയറക്ടറേറ്റ്

വികാസ് ഭവൻ 5 -ാം നില

തിരുവനന്തപുരം 695 033

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ

Dh/-